# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:03.11.2025**

## പ്രധാനവാർത്തകൾ

1. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ ഇന്ന് കേരളത്തിൽ. കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ സുരക്ഷ ശക്തം.

2. സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി വീടുകൾ സന്ദർശിച്ചുള്ള എന്യൂമറേഷൻ ഫോം വിതരണം നാളെ ആരംഭിക്കും.

3. ഗർഭാശയഗള കാൻസർ പ്രതിരോധത്തിനായി ഹയർസെക്കൻഡറി വിദ്യാർത്ഥിനികൾക്കുള്ള എച്ച് പി വി വാക്സിനേഷൻ പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കമായി.

4. 55-ാമത് സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ ഇന്ന് തൃശ്ശൂരിൽ പ്രഖ്യാപിക്കും.

5. നാലാമത് ആഗോള മറീൻ സിമ്പോസിയം - മീകോസിന് നാളെ കൊച്ചിയിൽ തുടക്കമാകും.

6. വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ചരിത്രം കുറിച്ച് ഇന്ത്യ. ടീം ഇന്ത്യയെ അഭിനന്ദിച്ച് രാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പെടെയുള്ള പ്രമുഖർ.

RNU TVPM

## ഉപരാഷ്ട്രപതി - കേരള സന്ദർശനം (ഇൻട്രോ)

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ ഇന്ന് സംസ്ഥാനത്തെത്തും. കൊല്ലത്തും തിരുവനന്തപുരത്തും വിവിധ പരിപാടികളിൽ അദ്ദേഹം പങ്കെടുക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.**

(വോയിസ്)

**************************

## ഗതാഗതനിയന്ത്രണം - കൊല്ലം

ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോട് അനുബന്ധിച്ച് തിരുവനന്തപുരത്തും, കൊല്ലത്തും ഗതാഗത നിയന്ത്രണം. ഇന്ന് ഉച്ചയ്ക്കുശേഷം കൊല്ലം നഗരപരിധിയിലെ സ്കൂളുകൾക്ക് കളക്ടർ അവധി പ്രഖ്യാപിച്ചു. തിരുവനന്തപുരം നഗരത്തിൽ നാളെയും ഗതാഗത നിയന്ത്രമുണ്ടാകും. സുരക്ഷാ നടപടികളും ശക്തമാക്കിയിട്ടുണ്ട്.

PNU TVPM

**************************

## പാസിംഗ് ഔട്ട് പരേഡ് - മുഖ്യമന്ത്രി

ശാസ്ത്രീയ, സൈബർ കുറ്റാന്വേഷണ മേഖലകളിൽ കേരളം ലോകത്തിന് തന്നെ മാതൃകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കണ്ണൂരിൽ കെ.എ. പി.നാലാം ബറ്റാലിയന്റെ പാസിംഗ് ഔട്ട് പരേഡിൽ അഭിവാദ്യം സ്വീകരിക്കുകയായിരുന്നു അദ്ദേഹം. കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കാൻ പോലീസിന് അനുമതിക്കായി കാത്തു നിൽക്കേണ്ടതില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. പോലീസ് സേനയെ

ആധുനികവൽകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടരുമെന്നും അദ്ദേഹം അറിയിച്ചു.

*************************

## കേരള എക്സ്പ്രസ്

തിരുവനന്തപുരത്തേക്കുള്ള യാത്രയ്ക്കിടെ കേരള എക്സ്പ്രസ് ട്രെയിനിൽ നിന്ന് വർക്കലക്കടുത്തു വച്ച് യുവതിയെ തള്ളിയിട്ടു. മദ്യലഹരിയിൽ ജനറൽ കമ്പാർട്ട്മെന്റിൽ കയറിയ ആളാണ് യുവതിയെ ആക്രമിച്ചത്. ഇന്നലെ രാത്രിയാണ് സംഭവം. തിരുവനന്തപുരം സ്വദേശിയായ യുവതിക്ക് ഗുരുതരമായി പരിക്കേറ്റു. പ്രതിയെ പിന്നീട് കൊച്ചുവേളിയിൽ വച്ച് റെയിൽവേ പോലീസ് അറസ്റ്റ് ചെയ്തു. പരിക്കേറ്റ യുവതി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്.

RNU TVPM

*************************

## തീവ്രവോട്ടർ പട്ടിക

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി BLO മാർ വീടുകൾ സന്ദർശിച്ച് എന്യൂമറേഷൻ ഫോം നാളെ മുതൽ വിതരണം ചെയ്യും. അടുത്ത മാസം 4 ന് മുൻപ് പൂരിപ്പിച്ച ഫോമുകൾ തിരികെ നൽകണം. ഡിസംബർ 9 ന് കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും. കരട് പട്ടിക സംബന്ധിച്ച പരാതികൾ 2026 ജനുവരി 8 ന് മുൻപ് സമർപ്പിക്കണം. അന്തിമ വോട്ടർ പട്ടിക ഫെബ്രുവരി 7 ന് പ്രസിദ്ധീകരിക്കും.

*************************

## എച്ച് പി വി വാക്സിനേഷൻ (ഇൻട്രോ)

സംസ്ഥാനത്ത് ഗർഭാശയഗള കാൻസർ പ്രതിരോധത്തിനായി ഹയർ സെക്കണ്ടറി വിദ്യാർത്ഥിനികൾക്ക് എച്ച് പി വി വാക്സിനേഷൻ നൽകുന്ന പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യു. കണ്ണൂർ ജില്ലയിലാണ് പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ...**

(വോയിസ്)

*************************

## തെരുവുനായ ശല്യം - സുപ്രീംകോടതി

തെരുവുനായശല്യം സംബന്ധിച്ച് സ്വമേധയാ എടുത്ത കേസ് സുപ്രീം കോടതിയുടെ മൂന്നംഗ പ്രത്യേക ബെഞ്ച് ഇന്ന് പരിഗണിച്ചു. സർക്കാർ കെട്ടിടങ്ങളുടെ പരിസരത്ത് തെരുവ് നായകൾക്ക് ഭക്ഷണം നൽകുന്നത് നിയന്ത്രിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉടൻ പുറപ്പെടുവിക്കുമെന്ന് കോടതി വ്യക്തമാക്കി. സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും ചീഫ് സെക്രട്ടറിമാർ സത്യവാങ്മൂലം സമർപ്പിച്ചു.

RNU TVPM

*************************

## പാലിയേക്കര - ഹൈക്കോടതി

തൃശ്ശൂർ പാലിയേക്കരയിൽ റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് ഇടക്കാല സമിതി ശ്രദ്ധയിൽപ്പെടുത്തിയ കാര്യങ്ങൾ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഹൈക്കോടതി. ഇത് സംബന്ധിച്ച് ദേശീയപാത അതോറിട്ടിക്കാണ് നിർദേശം നൽകിയത്. സമയബന്ധിതമായി ഇക്കാര്യത്തിൽ നടപടി

സ്വീകരിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാനും കോടതി ഉത്തരവിട്ടു. NH-544 ലെ ഗതാഗത തടസ്സവുമായി ബന്ധപ്പെട്ട് സമർപ്പിച്ച റിട്ട് ഹർജി പരിഗണിക്കുകയായിരുന്നു കോടതി.

*************************

## ആഗോള മറൈൻ സിമ്പോസിയം

നാലാമത് ആഗോള മറൈൻ സിമ്പോസിയം, മീകോസിന് നാളെ കൊച്ചിയിലെ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിൽ തുടക്കമാകും. സമുദ്ര ആവാസവ്യവസ്ഥ, മത്സ്യബന്ധനം, അക്വാകൾച്ചർ എന്നീ രംഗങ്ങളിൽ നേരിടുന്ന വെല്ലുവിളികൾ ചർച്ചയാകും. ഐ.എസ്.ആർ.ഓ മുൻ ചെയർമാൻ എസ് സോമനാഥ് സിമ്പോസിയം ഉദ്ഘാടനം ചെയ്യും. പരിപാടിയോടനുബന്ധിച്ച് പൊതുജനങ്ങൾക്കായി സമുദ്രവിഭവ ഭക്ഷ്യമേളയും സംഘടിപ്പിക്കും.

RNU TVPM

*************************

## കെഎസ്ആർടിസി പെൻഷൻ - ധനമന്ത്രി

കെഎസ്ആർടിസിക്ക് പെൻഷൻ വിതരണത്തിന് 74.34 കോടി രൂപ അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ. ഈ വർഷം പ്രത്യേക സഹായമായി 350 കോടി രൂപയും, പെൻഷൻ വിതരണത്തിന് 583.4 കോടി രൂപയുമാണ് ഇതുവരെ നൽകിയത്. തൊള്ളായിരം കോടി രൂപയാണ് ബജറ്റ് വകയിരുത്തൽ.

*************************

## പ്രധാനമന്ത്രി

രാജ്യം ആഗോള സാങ്കേതിക പരിവർത്തനത്തിന്റെ മാർഗദർശിയായി മാറിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ എമേർജിംഗ് സയൻസ് ആൻഡ് ടെക്നോളജി ഇന്നൊവേഷൻ കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ലോകത്തിലെ ഏറ്റവും വിജയകരമായ ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങളാണ് രാജ്യത്തുള്ളതെന്നും പ്രധാനമന്ത്രി പറഞ്ഞു. സ്വകാര്യ മേഖലയെ അടിസ്ഥാനമാക്കിയുള്ള ഗവേഷണ ആവാസവ്യവസ്ഥ പ്രോത്സാഹിപ്പിക്കുന്നതിന് ഒരു ലക്ഷം കോടി രൂപയുടെ ഗവേഷണ വികസന-നവീകരണ പദ്ധതി ഫണ്ടിനും അദ്ദേഹം തുടക്കം കുറിച്ചു.

************************

## തെലങ്കാന - അപകടം

തെലങ്കാനയിലെ രംഗറെഡ്ഡി ജില്ലയിൽ ഉണ്ടായ വാഹനാപകടത്തിൽ 19 പേർ മരിച്ചു. ഇരുചക്രവാഹനത്തെ മറികടക്കാൻ ശ്രമിക്കുന്നതിനിടെ ട്രക്ക്, തെലങ്കാന RTC ബസിൽ ഇടിച്ചാണ് അപകടം. സംഭവത്തിൽ ദുഃഖം രേഖപ്പെടുത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി മരിച്ചവരുടെ കുടുംബത്തിന് **രണ്ട് ലക്ഷം രൂപ വീതവും** പരിക്കേറ്റവർക്ക് **50,000 രൂപ** വീതവും ധനസഹായം പ്രഖ്യാപിച്ചു.

RNUTVPM

************************

## സംസ്ഥാന ചലച്ചിത്ര അവാർഡ്

55-ാമത് സംസ്ഥാന ചലച്ചിത്ര അവാർഡുകൾ ഇന്ന് പ്രഖ്യാപിക്കും. പ്രകാശ് രാജ് അധ്യക്ഷനായ ജൂറിയാണ് അവാർഡുകൾ നിർണയച്ചത്. വൈകിട്ട് 3:30 ന് തൃശ്ശൂരിലാണ് പ്രഖ്യാപനം.

*************************

## അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലക്സ് (ഇൻട്രോ)

മാലിന്യക്കൂമ്പാരമായിരുന്ന തൃശൂർ ലാലൂർ ഇനി ചരിത്രത്തിൽ അടയാളപ്പെടുന്നത് കായിക വിസ്മയത്തിന്റെ ഈറ്റില്ലമായിട്ടായിരിക്കും. ഫുട്ബോൾ ഇതിഹാസമായ പത്മശ്രീ ഐ.എം. വിജയന്റെ പേരിലുള്ള അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലക്സിന്റെ ഒന്നാംഘട്ടമാണ് പൂർത്തിയാക്കിയത്. മന്ത്രി വി. അബ്ദുറഹ്മാൻ വൈകിട്ട് ഉദ്ഘാടനം നിർവഹിക്കും.

**ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ് തയ്യാറാക്കിയ റിപ്പോർട്ട്.....**

**(വോയിസ്)**

RNU TVPM

*************************

## വനിതാ ലോകകപ്പ് ക്രിക്കറ്റ്

വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ചരിത്രം കുറിച്ച് ഇന്ത്യ. ഇന്നലെ മുംബൈയിൽ നടന്ന കലാശപ്പോരാട്ടത്തിൽ ദക്ഷിണാഫ്രിക്കയെ 52 റൺസിനു പരാജയപ്പെടുത്തിയാണ് ഇന്ത്യ കന്നി കിരീടം ചൂടിയത്. ദീപ്തി ശർമ, ഷെഫാലി വർമ എന്നിവരുടെ മികച്ച പ്രകടനമാണ് ഇന്ത്യക്ക് വിജയം സമ്മാനിച്ചത്. ലോകകപ്പ് കിരീടം നേടിയ ഇന്ത്യൻ വനിതകളെ രാഷ്ട്രപതി, പ്രധാനമന്ത്രി, മുഖ്യമന്ത്രി തുടങ്ങിയവർ അഭിനന്ദിച്ചു.

*************************

## ശബരിമല സ്വർണ്ണ അപഹരണ കേസ്

ശബരിമലയിലെ സ്വർണ അപഹരണവുമായി ബന്ധപ്പെട്ട കേസിൽ ദേവസ്വം ബോർഡ് മുൻ പ്രസിഡൻറ് എൻ വാസുവിനെ പ്രത്യേക അന്വേഷണ സംഘം ചോദ്യം ചെയ്തു. എൻ വാസുവിന്റെ പി എ ആയിരുന്ന സുധീഷ് കുമാറിന്റെ അറസ്റ്റിന് പിന്നാലെയാണ് മൊഴിയെടുത്തത്.

**************************

## തൊടുപുഴ - പിഎം ശ്രീ

ഇടുക്കി തൊടുപുഴയിലെ കേന്ദ്രീയ വിദ്യാലയം പ്രവർത്തനമാരംഭിച്ചു. പി.എം ശ്രീ സ്കൂൾ എന്ന വിശേഷണത്തോടെ കേന്ദ്ര സർക്കാർ ഈ വർഷം തുടങ്ങുന്ന 85 വിദ്യാലയങ്ങളിൽ കേരളത്തിന് അനുവദിച്ച ഏക കേന്ദ്രീയ വിദ്യാലയമാണ് തൊടുപുഴയിലേത്.

RNU TVPM

**************************

## സൈനിക് സ്കൂൾ

സൈനിക് സ്കൂളുകളിൽ അടുത്ത അധ്യയന വർഷത്തേക്കുള്ള ആറ്, ഒൻപത് ക്ലാസുകളിലേക്ക് പ്രവേശന പരീക്ഷയ്ക്ക് ഈ മാസം 9 വരെ അപേക്ഷിക്കാം. നാഷണൽ ടെസ്റ്റിങ് ഏജൻസി നടത്തുന്ന പരീക്ഷയ്ക്ക് ഓൺലൈനായിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ജനുവരി 18-നാണ് പ്രവേശന പരീക്ഷ.

**************************

## ഓഹരി + സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽനേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 85 പോയിന്റ് ഉയർന്ന് 84,000 ത്തിലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 23 പോയിന്റ് വർധിച്ച് 25,745

ലും വ്യാപാരം തുടരുന്നു. സ്വർണവില കൂടി. പവന് 120 രൂപ വർധിച്ച് തൊണ്ണൂറായിരത്തി 320 രൂപയും ഗ്രാമിന് 11,290 രൂപയുമാണ് ഇന്നത്തെ വില.

*************************

## ജി എസ് ടി

രാജ്യത്ത് നിലവിൽ വന്ന പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ കാർഷിക മേഖലയിൽ ഗണ്യമായ നികുതി ഇളവുകൾക്ക് കാരണമായതായി കേന്ദ്ര സർക്കാർ. 1800 സിസിയിൽ താഴെയുള്ള ട്രാക്ടറുകളുടെ ജിഎസ്ടി 5 ശതമാനമായി കുറച്ചത് ചെറുകിട, ഇടത്തരം കർഷകർക്ക് ആശ്വാസമായി. വിവിധ കാർഷിക യന്ത്രങ്ങളുടെ ജിഎസ്ടി 5 ശതമാനമായി കുറച്ചിട്ടുണ്ട്.

*

**********

****************************************

RNI TVPM